## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 940 | 11.07.2016 -ൽ മറുപടിക്ക്

### ഉടുമ്പൻചോല മിനിസിവിൽ സ്റ്റേഷൻ ഉത്ഘാടനം

| ചോദ്യം<br>ശ്രീ. എം. എം. മണി | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|
| (എ) ഉടുമ്പൻചോല താലൂക്ക് ഓഫീസിനായി പണികഴിപ്പിച്ച മിനിസിവിൽ സ്റ്റേഷൻ ഉത്ഘാടനം നടത്തിയത് എന്നാണ്; പ്രസ്തുത ചടങ്ങിൽ പങ്കെടുത്ത മന്ത്രിമാർ ആരൊക്കെയെന്നറിയിക്കുമോ; | (എ) ഉടുമ്പൻചോല താലൂക്കിൽ പണി കഴിപ്പിച്ചിട്ടുള്ള മിനി സിവിൽ സ്റ്റേഷൻ 20.05.2013-ൽ അന്നത്തെ കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ഈ ചടങ്ങിൽ അന്നത്തെ റവന്യൂ വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി എന്നിവർ സന്നിഹിതരായിരുന്നു. |
| (ബി) മിനി സിവിൽ സ്റ്റേഷന്റെ ഉത്ഘാടനം നടന്ന് കഴിഞ്ഞിട്ടും താലൂക്ക് ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ കഴിയാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;<br><br>(സി) മിനി സിവിൽ സ്റ്റേഷനിൽ അനുവദിച്ചിട്ടുള്ള പുതിയ കെട്ടിടത്തിൽ താലൂക്ക് ഓഫീസിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ? | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആധുനിക രീതിയിൽ പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിനുള്ളിൽ ഉടുമ്പൻചോല താലൂക്കാഫീസിനായി അനുവദിച്ചിട്ടുള്ള സ്ഥലത്ത് കെട്ടിടത്തിന് അനുയോജ്യമായ വിധത്തിലുള്ള ക്രമീകരണം ഏർപ്പെടുത്തിയാൽ മാത്രമേ സ്ഥല സൗകര്യം ലഭ്യമാകൂ എന്ന് കണ്ടെത്തിയതിനെ തുടർന്ന് ആവശ്യമായ ഓഫീസ് ഫർണിച്ചറും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ